## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2157** **13/06/2019-ൽ മറുപടിയ്ക്ക്**

# കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് വനിതാ-ശിശു വികസന വകുപ്പ് പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (എ) ഉണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുട്ടികളുടെ സംരക്ഷണം, ഉത്തരവാദിത്വരക്ഷകർത്തൃത്വം എന്നീ കാര്യങ്ങളിൽ മാതാപിതാക്കളെ ബോധവൽക്കരിയ്ക്കുന്നതിനും കുട്ടികളുടെ അവകാശ സംരക്ഷണത്തിന്റെ പ്രാധാന്യം ഉറപ്പാക്കുന്നതിനുമായി വനിത ശിശു വികസന വകുപ്പ് മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതു സമൂഹം എന്നിവരെ ഉൾപ്പെടുത്തി **'കരുതൽ സ്പർശം -കൈകോർക്കാം കുട്ടികൾക്കായി** 'എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഈ പദ്ധതി 2019 ജൂൺ 1 മുതൽ 2019 നവംബർ പതിനാല് വരെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ